Draft #1 of File 73635/AC B7-3/2020/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 15-Dec-2020 03:11 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2020 പ്രവേശന വർഷം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ് പ്രോഗ്രാമിലേക്ക് സർവ്വകലാശാല പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിനുശേഷവും ഒഴിവ് വരുന്ന സീറ്റുകളിലേക്ക് മെറിറ്റിൻറെ മാനദണ്ഡത്തിൽ സ്പോട്ട് പ്രവേശനം നടത്തുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5906/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.12.2020

---

*പരാമർശം:-*(1) സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പ് മേധാവിയുടെ 04.12.2020 തീയതിയിലുള്ള 196/എസ്.പി.എസ്/2020 നമ്പർ കത്ത്.

**ഉത്തരവ്**

മേൽ സൂചന കത്ത് പ്രകാരം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ് പ്രോഗ്രാമിൻറെ 2020-22 വർഷ ബാച്ചിൻറെ പ്രവേശനം സർവ്വകലാശാല പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിക്കഴിഞ്ഞപ്പോൾ ആകെയുള്ള 50 സീറ്റുകളിൽ മൂന്ന് എസ്.എസി/എസ്.റ്റി സീറ്റുകളിലും ഒരു സ്റ്റേറ്റ് മെറിറ്റ് സീറ്റിലും ഒഴിവ് വന്നിരിക്കുന്നു എന്നും എസ് .സി/എസ്.റ്റി സീറ്റുകളിൽ ഉണ്ടായിരുന്ന ഒഴിവുകൾ നികത്തുവാൻ ആദ്യ പുനഃവിജ്ഞാപനം നടത്തിയിട്ടുണ്ട് എന്നും സ്റ്റേറ്റ് മെറിറ്റിലേക്കുള്ള ഒരു സീറ്റിൽ സ്പോട്ട് പ്രവേശനം നടത്തുന്നതിനുള്ള അനുവാദം നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

ഇക്കാര്യം പരിഗണിച്ച ബഹു. വൈസ് ചാൻസലർ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ് പ്രോഗ്രാമിലേക്ക് സർവ്വകലാശാല പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതിനുശേഷവും ഒഴിവ് വരുന്ന സീറ്റുകളിലേക്ക് മെറിറ്റിൻറെ മാനദണ്ഡത്തിൽ സ്പോട്ട് പ്രവേശനം നടത്തുവാൻ അനുമതി നൽകി ഉത്തരവായിരിക്കുന്നു..

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വകുപ്പ് മേധാവി, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്

(2 )വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെ പി.എ

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് ), കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ

Draft #1 of File 73635/AC B7-3/2020/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 15-Dec-2020 03:11 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം